## ദൈവരാജ്യം കൊണ്ടുവരുന്നതിനുള്ള ആത്മിക യുദ്ധം

### I. ആത്മിക യുദ്ധത്തിന്റെ ഉദ്ദേശ്യം ദൈവരാജ്യം കൊണ്ടുവരുക എന്നതാണ്

- സാത്താന്റെ ഹിതം ദൈവത്തിന്റെ ഹിതത്തിനു വിരുദ്ധമായി ഉറച്ചിരിക്കുന്നതിനാൽ ആത്മിക യുദ്ധം അനിവാര്യമാണ്
- ആത്മിക യുദ്ധത്തിന് അതിന്റെ ഉറവിടം ദൈവഹിതവും സാത്താന്യ ഹിതവും തമ്മിലുള്ള സംഘർഷത്തിലാണുള്ളത്
- തന്റെ സൃഷ്ടിയായ മനുഷ്യൻ തന്റെ വീണുപോയ സൃഷ്ടിയായ സാത്താനോട് ഇടപെടുവാൻ ദൈവം ആഗ്രഹിക്കുന്നു; ഇതിനായി, മനുഷ്യന്റെ ഹിതം ദിവ്യഹിതത്തോടൊപ്പം നിൽക്കണം
- സഭയെന്ന നിലയിൽ, നമ്മുടെ പോരാട്ടം സാത്താന്യ ഇച്ഛയെ കീഴ്പ്പെടുത്തുവാനും ദൈവത്തിന്റെ ശത്രുവിനെ പരാജയപ്പെടുത്തുവാനുമാണ്
- ആത്മിക യുദ്ധം ദൈവരാജ്യവും സാത്താന്റെ രാജ്യവും തമ്മിലുള്ള യുദ്ധമാണ്
  - ദൈവരാജ്യം താനേ വരില്ല; ദൈവരാജ്യം വരേണ്ടതിന് ആത്മിക പോരാട്ടത്തിന്റെ ആവശ്യമുണ്ട്
  - ക്രിസ്തു സാത്താനെതിരെ നിർവഹിച്ച വിജയകരമായ വേല തുടരുക എന്നതാണ് സഭയുടെ ഉത്തരവാദിത്തം
  - എപ്പോഴെല്ലാം പിശാച് പുറത്താക്കപ്പെടുകയും, എവിടെയെല്ലാം ദൈവത്തിന്റെ ശക്തിയാൽ ശത്രുവിന്റെ വേല സ്ഥാനമാറ്റപ്പെടുകയും ചെയ്യുമോ, അവിടെ ദൈവരാജ്യം ഉണ്ട്
- ആത്മിക അർഥത്തിൽ, നാം ഇപ്പോൾ ക്രിസ്തുവിന്റെ സേനാദിവസത്തിലാണ്, അവനുവേണ്ടി നാം സ്വമേധയാ ഉള്ള ഒരു വഴിപാട്, ഒരു സ്വമേധാദാനമായിരിക്കണം
  - ദൈവത്തിന്റെ ശത്രുവിനെ പരാജയപ്പെടുത്തി ദൈവരാജ്യം കൊണ്ടുവരുവാൻ ആത്മിക യുദ്ധത്തിൽ ഏർപ്പെടുന്നതിന്, നമുക്ക് കർത്താവിനോട് സമ്പൂർണവും സമഗ്രവുമായ ഒരു സമർപ്പണം ആവശ്യമാണ്

## ദൈവത്തിന്റെ സ്നേഹപുത്രന്റെ രാജ്യത്തിൽ ജീവിക്കുന്നത്

### II. പിതാവ് “ഇരുട്ടിന്റെ അധികാരത്തിൽനിന്നു നമ്മെ വിടുവിച്ച് തന്റെ സ്നേഹപുത്രന്റെ രാജ്യത്തിലേക്ക് മാറ്റിയിരിക്കുന്നു”

- **ഇരുട്ടിന്റെ അധികാരം**—സാത്താന്റെ അധികാരത്തെ സൂചിപ്പിക്കുന്നു; ദൈവം വെളിച്ചമാണ്, സാത്താൻ ഇരുട്ടാണ്
  - ഇരുട്ടിന്റെ അധികാരത്തിൽനിന്ന് വിടുവിക്കപ്പെടുന്നത് മരണത്തിന്റെ പ്രഭാവമുള്ള പിശാചിൽ നിന്ന് വിടുവിക്കപ്പെടുന്നതാണ്
  - ക്രിസ്തുവിന്റെ മരണത്താലും, പുനരുത്ഥാനത്തിലുള്ള ക്രിസ്തുവിന്റെ ജീവനാലും, സാത്താനായ പിശാചിൽനിന്ന് നാം വിടുവിക്കപ്പെട്ടിരിക്കുന്നു
- പിതാവ് “തന്റെ **സ്നേഹപുത്രന്റെ രാജ്യത്തിലേക്ക്** നമ്മെ മാറ്റിയിരിക്കുന്നു”
  - **രാജ്യം**—ക്രിസ്തുവിന്റെ അധികാരമാണ്
  - **പുത്രൻ**—ദൈവത്തിന്റെ പുത്രൻ ദിവ്യ ജീവന്റെ ദേഹരൂപവും ആവിഷ്കാരവുമാണ്; അതിനാൽ, രാജ്യം ജീവന്റെ മണ്ഡലമെന്ന നിലയിൽ പുത്രനിൽനിന്നാണ്
    - പിതാവിന്റെ സ്നേഹപുത്രന്റെ രാജ്യത്തിലേക്ക് മാറ്റപ്പെടുക എന്നാൽ, നമ്മുടെ ജീവനായ പുത്രനിലേക്ക് മാറ്റപ്പെടുന്നതാണ്
    - പുനരുത്ഥാനത്തിൽ നമ്മുടെ ജീവനായ പുത്രനാൽ നാം ജീവിക്കുമ്പോൾ, നാം പിതാവിന്റെ സ്നേഹത്തിൽ അവനെ ആസ്വദിച്ചുകൊണ്ട് അവന്റെ രാജ്യത്തിൽ ജീവിക്കുന്നു
  - **സ്നേഹം**—ജീവന്റെ ഈ മണ്ഡലം ഭയത്തിലല്ല, സ്നേഹത്തിലാണ്
    - സ്നേഹത്തോടുകൂടെ ജീവനിൽ നമ്മെ ഭരിക്കുന്ന ഒരു മണ്ഡലത്തിലേക്ക് പിതാവ് നമ്മെ മാറ്റിയിരിക്കുന്നു.
    - ഇവിടെ, സ്വർഗീയ ഭരണത്തിനും നിയന്ത്രണത്തിനും കീഴിൽ, നമുക്ക് യഥാർഥ സ്വാതന്ത്ര്യം, സ്നേഹത്തിലും ജീവനോടുകൂടെയും വെളിച്ചത്തിൻ കീഴിലുമുള്ള ശരിയായ സ്വാതന്ത്ര്യമുണ്ട്
- ദൈവത്തിന്റെ സ്നേഹപുത്രന്റെ രാജ്യം ദൈവഹിതത്തിന്റെ ഒരു നിർണായക വശമാണ്
  - പിതാവിന്റെ നിത്യ ഹിതം സഭയെ പണിയുക, ക്രിസ്തുവിന് ഒരു ശരീരം നേടുക എന്നതാണ്
  - ദൈവത്തിന്റെ സ്നേഹപുത്രന്റെ രാജ്യത്തിൽ വസിക്കുന്ന രാജ്യജനമെന്ന നിലയിൽ, പിതാവിന്റെ ഹിതം ചെയ്യുവാനാണ് നാം ഇവിടെ ഭൂമിയിലായിരിക്കുന്നത്
- ദൈവത്തിന്റെ സ്നേഹപുത്രന്റെ രാജ്യത്തിൽ, സർവവും ഉൾക്കൊള്ളുന്ന ക്രിസ്തു എന്ന ഏക വ്യക്തിയും, ക്രൂശ് എന്ന ഏക വഴിയും മാത്രമേയുള്ളൂ
  - അനേകം കാര്യങ്ങൾ നമുക്ക് നൽകുക എന്നതല്ല ദൈവത്തിന്റെ ഉദ്ദേശ്യം; അവൻ നമുക്ക് സർവവും ഉൾക്കൊള്ളുന്ന ക്രിസ്തുവെന്ന ഏക വ്യക്തിയെ നൽകുവാൻ ഉദ്ദേശിക്കുന്നു
  - ക്രൂശ് ദൈവത്തിന്റെ ഭരണത്തിന്റെ കേന്ദ്രമാണ്. ക്രൂശിലൂടെ ദൈവം എല്ലാ കാര്യങ്ങളെയും നിയന്ത്രിക്കുകയും, ക്രൂശിനാൽ എല്ലാ കാര്യങ്ങളോട് ഇടപെടുകയും ചെയ്യുന്നു.
- ദൈവത്തിന്റെ സ്നേഹപുത്രന്റെ രാജ്യത്തിൽ, ക്രിസ്തുവിന് എല്ലാ കാര്യങ്ങളിലും ഒന്നാം സ്ഥാനം, സർവോൽകൃഷ്ടത ഉണ്ട്
  - ഈ ദർശനം നാം കാണുകയാണെങ്കിൽ, നമ്മുടെ ക്രിസ്തീയ ജീവിതവും നമ്മുടെ സഭാജീവിതവും വിപ്ലവകരമായി മാറും, കാരണം എല്ലാ കാര്യങ്ങളിലും ക്രിസ്തു ഒന്നാമനായിരിക്കണമെന്ന് നാം തിരിച്ചറിയും.
  - എല്ലാ കാര്യങ്ങളിലും കർത്താവിന് പ്രഥമസ്ഥാനം നൽകുകയെന്നാൽ, പ്രഥമസ്നേഹത്താൽ, ഉത്തമ സ്നേഹത്താൽ അവനെ സ്നേഹിക്കുക എന്നാണ്
  - ക്രിസ്തുവിന് സർവോൽകൃഷ്ടത നൽകുന്നതിന്, നാം ക്രമീകരിക്കപ്പെടാനും തകർക്കപ്പെടാനും ഒന്നുമല്ലാതാക്കപ്പെടാനും മനസ്സുള്ളവരായിരിക്കണം, അങ്ങനെ അവന്റെ ജൈവികശരീരത്തിന്റെ കെട്ടുപണിക്ക് അവന് നമ്മിലും നമ്മിലൂടെയും നമ്മുടെ ഇടയിലും ഒരു വഴി ഉണ്ടായിരിക്കും